പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2038

19.06.2012-ലെ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ നിക്ഷേപം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>,, പാലോട് രവി<br>,, പി. സി. വിഷ്ണുനാഥ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| സഹകരണ ബാങ്ക് നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നത് കൊണ്ട് നിക്ഷേപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ? | പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം ഗ്യാരന്റി നൽകുന്നു. ഇപ്രകാരം നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനായി കേരള നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ഒരു കോർപസ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ടി സ്കീം പ്രകാരം നിക്ഷേപങ്ങൾക്ക് ഗ്യാരന്റി ലഭിക്കുന്നതിനായി നിക്ഷേപകൻ യാതൊരു വിഹിതവും അടയ്ക്കേണ്ടതില്ല. നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേർന്നിട്ടുള്ള ഏതെങ്കിലും വായ്പ സഹകരണ സംഘത്തിന് നിക്ഷേപം തിരികെ നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക തിരികെ ലഭിക്കുന്നതിനായി നിക്ഷേപകന് നേരിട്ട് നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിനെ സമീപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ